"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പരിവർത്തിതാവധിയെടുത്തപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന് നല്കിയ ഗ്രാമ വികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1372/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 04.07.2019.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 24.09.2016-ലെ 14713/എസ്റ്റാ.എ1/2016/സിആർഡി നമ്പർ നടപടിക്രമം

2) ഗ്രാമവികസന കമ്മീഷണറുടെ 12.04.2018-ലെ 14713/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.കെ.കെ. ഷാജു 22.09.2016 മുതൽ 31.12.2016 വരെ പരിവർത്തിതാവധിയെടുത്തപ്പോൾ, പകരം നിയമനമാകുന്നതുവരെ, പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയിരുന്ന ശ്രീ.സാജു സെബാസ്റ്റ്യന് നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നുവെന്നും, പ്രസ്തുത നടപടിക്ക് നടപടിക്ക് സാധൂകരണം നല്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ 22.09.2016 മുതൽ 31.12.2016 വരെ പരിവർത്തിതാവധിയെടുത്തപ്പോൾ, ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ അധികച്ചുമതല, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയിരുന്ന ശ്രീ.സാജു സെബാസ്റ്റ്യന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1)-ലെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.സാജു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, ഇടുക്കി

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ